മുകളിൽ സൂചിപ്പിച്ച പ്രകാരം നിലവിലുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അന്തർ സംസ്ഥാന നദീജല വിഷയങ്ങളിൽ സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് പ്രയോജനപ്രദമായ രീതിയിൽ നിലവിലുള്ള സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെറ്റ് ലാന്റ് സ്റ്റഡീസ്

95 (3726) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെറ്റ് ലാന്റ് സ്റ്റഡീസ് എന്ന സ്ഥാപനം കോട്ടയത്ത് തുടങ്ങുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) സാമ്പത്തിക നില മോശമായ സംസ്ഥാനത്തിന് ഒരു പുതിയ സംവിധാനം തുടങ്ങുന്നത് അഭിലഷണീയമാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(സി) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെറ്റ് ലാന്റ് സ്റ്റഡീസ് എന്ന സ്ഥാപനത്തിന് ഒരു വർഷം എന്ത് ചെലവുവരുമെന്നാണ് കണക്കുകൂട്ടിയിട്ടുള്ളത് ;

(ഡി) വെറ്റ് ലാന്റ് പഠനം കൂടി സി.ഡബ്ല്യു.ആർ.ഡി.എം.-ന തന്നെ നടത്താൻ സാധിക്കുമോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെറ്റ് ലാന്റ് സ്റ്റഡീസ് കോട്ടയത്ത് തുടങ്ങുന്നതിനുള്ള അന്തിമ തീരുമാനം സർക്കാർ ഇതുവരെ എടുത്തിട്ടില്ല.

(ബി&സി) ബാധകമല്ല.

(ഡി) തണ്ണീർത്തടങ്ങളെ സംബന്ധിച്ചുള്ള പഠനം സി.ഡബ്ല്യു.ആർ.ഡി.എം. ഇപ്പോൾത്തന്നെ നടത്തിവരുന്നുണ്ട്.

ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ മദ്യ സൽക്കാര പരിപാടികൾ

96 (3727) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചീഫ് സെക്രട്ടറിയുൾപ്പെടെ ഒരു വിഭാഗം സീനിയർ ഐ.എ.എസ്/ ഐ.പി.എസ്. ഉദ്യോഗസ്ഥർ നടത്തിയ ദീപാവലി ആഘോഷം എവിടെ വച്ചായിരുന്നുവെന്നും ഇതിനായി എന്തെങ്കിലും സഹായം നൽകിയോയെന്നും

LIBRARY ARCHIVES Kerala Legislative Assembly

ഔദ്യോഗിക വാഹനമുൾപ്പെടെ ഏതെല്ലാം സർക്കാർ വാഹനങ്ങൾ ഇതിനായി ഉപയോഗിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) ഇതിനായി ആഭ്യന്തര വകുപ്പ് ഉൾപ്പെടെ ഏതെല്ലാം ജീവനക്കാരുടെ സേവനം ഉപയോഗിച്ചു ; വ്യക്തമാക്കുമോ ;

(സി) മദ്യത്തിനെതിരെയുള്ള നടപടികൾ സ്വീകരിക്കുമ്പോൾ ഐ.എ.എസ്/ ഐ.പി.എസ്. ഉദ്യോഗസ്ഥർ കടൽക്കരയിലുള്ള മുന്തിയ സ്വകാര്യ ഹോട്ടലിൽ മദ്യവിരുന്ന് നടത്തിയതു സംബന്ധിച്ച പരാതികൾ സർക്കാർ പരിശോധിച്ചുവോ ;

(ഡി) ഉണ്ടെങ്കിൽ ഇതിനായി സർക്കാർ അനുമതി ഇവർ വാങ്ങിയിരുന്നോ യെന്നും ഇല്ലായെങ്കിൽ സർവ്വീസ് ചട്ടലംഘനമായ ഇത്തരം പ്രവൃത്തികൾ നിയന്ത്രിക്കാൻ എന്തു നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഇ) ഇവർ മദ്യസത്ക്കാരം മദ്യ ലൈസൻസ് ഇല്ലാത്ത ഹോട്ടലിലാണു നടത്തിയതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടുവോ ; പ്രസ്തുത പരിപാടിയിൽ പങ്കെടുത്ത ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥർ ആരെല്ലാം ; വ്യക്തമാക്കുമോ ;

(എഫ്) ഇത്തരം മദ്യ സത്ക്കാരപരിപാടികൾ ഏതെല്ലാം ദൃശ്യ-പത്ര മാധ്യമങ്ങൾ പുറത്തുവിടുകയുണ്ടായി എന്നറിയാമോ ; വ്യക്തമാക്കുമോ ; പ്രതിഷേധ പരിപാടികൾ നടത്തിയത് ആരെല്ലാം ; വ്യക്തമാക്കുമോ ;

(ജി) ഇത്തരം പ്രവർത്തനങ്ങൾ സർവ്വീസ് ചട്ടലംഘനമാണെന്നു ചൂണ്ടിക്കാട്ടിയവരും പരാതിപ്പെട്ടവരുമായ ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥർ ആരെല്ലാമെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ അനൗദ്യോഗികമായി നടത്തുന്ന സ്വകാര്യ ആഘോഷങ്ങൾക്ക് സർക്കാർ അനുമതി ആവശ്യമില്ല. ആയതിനാൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഒന്നുംതന്നെ സർക്കാരിൽ ലഭ്യമല്ല. ഇതിനായി സർക്കാർ ഒരു വിധത്തിലുള്ള സഹായവും നൽകിയിട്ടില്ല.

(സി) പരാതി ലഭിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ&എഫ്) എ&ബി പിരിവുകൾക്ക് നൽകിയ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(ജി) ഐ.എ.എസ്. ഉദ്യോഗസ്ഥരിൽനിന്നോ ഐ.പി.എസ്. ഉദ്യോഗസ്ഥരിൽ നിന്നോ ഇത് സംബന്ധിച്ച ഒരു പരാതിയും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly